# മാൺപ്



ഗോപിക
എം.എ

ആതിര
കൃഷ്ണൻ

മാൺപിന്ന
പിന്നിൽ

ആസാദ്
ശ്രീമദ്ക്കർ

ആയുഷ്
സുനിൽകുമാർ

വൈശാഖ്
പി.എൻ

ഗോപീകൃഷ്ണ
കെ.എസ്


സജിൻ
കൃഷ്ണ
കെ.ജി

# ഉള്ളടക്കം


1. അമ്മ [ലേഖനം]
2. മോഹിനിയാട്ടം [ലേഖനം]
3. കഥ
4. പഠന യാത്ര [ചിത്രങ്ങൾ]
5. കഥകളി [ലേഖനം]
6. പടയണി [ലേഖനം]
7. തൃശ്ശൂർ പൂരം [ലേഖനം]
8. ചിലങ്ക [കവിത]
9. കേരള ക്വിസ്
10. വായനക്കുറിപ്പ്

# "അമ്മ"

നമ്മുടെ ജീവിതത്തിലെ ഓരോ ദിനവും ആരംഭിക്കുന്നത് "അമ്മേ" എന്ന് വിളിച്ചു കൊണ്ടാണ്. അമ്മ ഇല്ലാതെ ഒരു ദിവസം പോലും നമ്മുക്ക് തള്ളി നീക്കാൻ കഴിയില്ല. സ്കൂളിലേക്ക് പോകുന്നതും, വരുന്നതും അമ്മയെ കണ്ടുകൊണ്ടാണ്. താൻ ജന്മം കൊടുത്ത മക്കളെയി സ്വന്തം ജീവിതം തന്നെ അവർക്കു വേണ്ടി ജീവിക്കുന്ന മാലഖമാരാണ് അമ്മമാർ. ലോകത്തിൽ അമ്മയെക്കാൾ വലിയ പോരാളി മറ്റാരുമില്ല. രാവിലെ എഴുന്നേറ്റ് നമ്മുക്ക് ആവശ്യമുള്ളതെല്ലാം ഒരുക്കി വെക്കുന്ന



അമ്മയെ കറിക്കുപ്പ പോരാ എന്ന് കുറ്റം പറയുന്ന നമ്മൾ അമ്മ ഒരു ദിവസം കിടപ്പിലായാൽ കറിക്കുപ്പില്ലെങ്കിലും, വസ്ത്രം തേച്ചില്ലെങ്കിലും പരാതിപ്പെടാൻ മറ്റാരുമില്ല. കാണാത്ത ദൈവത്തെ ആരാധിക്കുന്ന നമ്മൾ നമ്മുടെ മുമ്പിൽ ദൈവത്തിനു നൽകുന്ന എല്ലാ ഗുണവിശേഷത്തോടും കൂടി അമ്മ ജീവിക്കുന്നു.

"അമ്മ " അമ്മയാണ് എല്ലാം..............

# മോഹിനിയാട്ടം

കേരളത്തിൻെറ തനത് ലാസ്യ നൃത്തരൂപമാണ് **മോഹിനിയാട്ടം.** നാട്യശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന വൃത്തികളിലെ ലാസ്യ ലാവണ്യസമ്പന്നമായ കൈശികവൃത്തിയിലൂന്നിയ ചലനങ്ങളാണ് മോഹിനിയാട്ടത്തിൻെറ മുഖമുദ്ര. ഭാരതീ,സാത്യതി,ആരഭടി എന്നിവയാണ് മറ്റ് മൂന്ന് വൃത്തികൾ.രസ രാജനായ ശൃംഗാരമാണ് മോഹിനിയാട്ടത്തിൽ കൂടുതലായി ആവിഷ്കരിക്കപ്പെടാറുള്ളത്.ശൃംഗാര രസപ്രകാരണത്തിനു ഏറ്റവും അനുയോജ്യമായ വൃത്തിയും കൈശികിയത്രെ. മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ സ്ത്രീനൃത്തകലയായ മോഹിനിയാട്ടം ഈയിടെയായി പുരുഷന്മാരും അവതരിപ്പിച്ചു കാണുന്നു. കേരളീയ ക്ഷേത്രങ്ങളിൽ നിലനിന്നിരുന്ന ദേവദാസീനൃത്തം പരിഷ്കരിച്ച രൂപമാണ് മോഹിനിയാട്ടം. കലാമണ്ഡലം കല്ല്യാണിക്കുട്ടിയമ്മ കേരളത്തിലെ പ്രശസ്തമായ മോഹിനിയാട്ടക്കാരിയായിരുന്നു.



കുറെകാലം മുമ്പ് വരെ സോപാനരീതിയിലുള്ള വായപ്പാട്ട്, തൊപ്പിമദ്ദളം,തിത്തി തുടങ്ങിയ വാദ്യങ്ങളാണ് ഉപയോഗിച്ചിരുന്നത്. കേരളീയ താളങ്ങളാണ് മോഹിനിയാട്ടത്തിന് പശ്ചാത്തലം ഒരുക്കിരുന്നത്. ഇരുപത്തിനാല് ഹസ്തമുദ്രകളാണ് ഇതിനുള്ളത്.

ഗോപിക എം.എ

ഒമ്പത് എ

# <u>കരടി പറഞ്ഞ സ്വകാര്യം</u>

ഒരിക്കൽ ഒരു നായാട്ടുകാരൻ നായാട്ടിന് പോകുകയായിരുന്നു. അയ്യാൾ തൻെറ സുഹൃത്തിനെയും കൂടെ ക്കൊണ്ടു പോയി. കാട്ടിൽ കുറെ വഴി ചെന്നപ്പോൾ ഒരു കരടി അവരുടെ നേരെ വന്നു.ഉടനെ അമ്പും വില്ലും താഴെയിട്ടു നായാട്ടുകാരൻ അടുത്തു കണ്ട മരത്തിൽ പിടിച്ചുക്കയറി രക്ഷപ്പെട്ടു. നായാട്ടുകാരൻെറ സുഹൃത്ത് ആദ്യം



പേടിച്ചു, പക്ഷെ അയ്യാൾ ധൈര്യം കൈവിട്ടില്ല. അയ്യാൾ താഴെ കമിഴ്ന്ന് കിടന്നു. കരടി അയ്യാളുടെ അടുത്തെത്തി. അപ്പോഴും അയ്യാൾ അനങ്ങിയില്ല. ശ്വാസം അടക്കിപ്പിടിച്ച് കിടന്നു. കരടി അയ്യാളുടെ അടുത്ത്ചെന്ന് മണത്തുനോക്കി. അയ്യാൾക്ക് ജീവനില്ലെന്നു കരുതി അയ്യാളെ ഒന്നും ചെയ്യാതെ കരടി അതിൻെറ വഴിക്കു പോയി. അല്പം കഴിഞ്ഞപ്പോൾ നായട്ടുകാരൻ മരത്തിൽ നിന്ന് താഴെയിറങ്ങി. ''എന്താണ് കരടി നിന്നോട് സ്വകാര്യമായി പറഞ്ഞത് ?'' താഴെ കമിഴ്ന്നു കിടന്ന സുഹൃത്തിനോട് നായാട്ടുകാരൻ ചോദിച്ചു.

# പഠനയാത്ര





# കഥകളി

കേരളത്തിന്റെ തനത് കലാരൂപമാണ് "കഥകളി". ദീർഘ കാലത്തെ പരിശീലനം ആവശ്യമുള്ള ഒരു ശാസ്ത്രീയ കലാരൂപാണ് കഥകളി. അനുഷ്ഠാന കലകളിലെ പല അംശങ്ങളും സമന്വയിപ്പിച്ച് കൊട്ടാരക്കരത്തു തമ്പുരാൻ തുടങ്ങി വെച്ച രാമനാട്ടമാണ് പിന്നീട് കഥകളിയായി പരിണമിച്ചതെന്നാണ് ഗവേഷകർ പറയുന്നത്.

കഥകളിയിലെ കഥാപാത്രങ്ങൾ സംസാരിക്കാറില്ല. പശ്ചാത്തലത്തിൽ പാട്ടുകൾക്കനുസരിച്ചാണ് അഭിനയിക്കുന്നത്. അതുകൊണ്ടു തന്നെ കഥകളിയിൽ സംഗീതത്തിനും, സാഹിത്യത്തിനും വലിയ പ്രാധാന്യം അർഹിക്കുന്നു. "ആട്ടക്കഥ" സാഹിത്യം എന്നാണിതിന് പറയുന്നത്. ചെണ്ട, ചേങ്ങില, ഇലത്താളം തുടങ്ങിയവയാണ് വാദ്യോപകരണങ്ങളായി കഥകളിയിൽ ഉപയോഗിക്കുന്നത്.



ഭാരതീയ നൃത്തരൂപങ്ങൾക്കെന്നതു പോലെ തന്നെ കഥകളിയുടേയും അടിസ്ഥാനം ഭരതമുനിയുടെ നാട്യശാസ്ത്രമാണ്. പക്ഷെ, കഥകളിയിൽ ഉപയോഗിക്കുന്ന "ഹസ്ത"മുദ്രകൾക്ക് അടിസ്ഥാനം "ഹസ്ത ലക്ഷണദീപിക" എന്ന പുരാതന ഗ്രന്ഥമാണ്.

കഥകളിയിലെ വേഷങ്ങൾ :- പച്ച, കത്തി, കരി, താടി
മിനുക്ക്, പഴുപ്പ്.

ചടങ്ങുകൾ :- കേളിക്കൊട്ട്, അരങ്ങുകേളി, തോടയം,
വന്ദന ശ്ലോകം, പുറപ്പാട്, മേളപ്പദം,
കഥാരംഭം.

ആതിര കൃഷ്ണൻ

ഒമ്പത് എ

# പടയണി

കേരളത്തിലെ പ്രാചീന സംസ്കാരത്തിൻെറ പ്രതീകങ്ങളിലൊന്നായി ഭഗവതി ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചു വരുന്ന ഒരു അനുഷ്ഠാനകലയാണ് പടയണി. പടേനി എന്നും ഇതിന് വിളിപ്പേരുണ്ട്. വിളവെടുപ്പിനോട് അനുബന്ധിച്ചാണ് ഇത് നടത്തി വരുന്നത് .ഒരു ഗ്രാമത്തെ മൊത്തം വസൂരിയിൽ നിന്ന് രക്ഷിക്കാനായി ആണ് ഇത് നടത്തി വരുന്നത്. എന്നതിനാൽ , നാനാ ജാതി മതസ്ഥരുടെയും പങ്കാളിത്തം ഇതിൽ കാണാം . കവുങ്ങിൻ പാളയിൽ നിർമ്മിച്ച ചെറുതും വലുതുമായ അനേകം കോലങ്ങളേന്തി തപ്പ്, കൈമണി , ചെണ്ട തുടങ്ങിയ വാദ്യങ്ങളുടെ ശബ്ദ മേളങ്ങൾക്കടയിൽ  തീച്ചൂട്ടുകളുടെയും, പന്തങ്ങളുടെയും വലിച്ചത്തിൽ തുള്ളിയുറയുന്നതാണ് ഇതിൻെറ അവസാന രീതി. പ്രധാനമായും ക്ഷേത്രങ്ങളിൽ, കാവുകളിൽ എന്നിവിടങ്ങളിലാണ് പടയണി നടക്കാറുള്ളത്.  പടയണിക്ക് വടക്കൻ മലബാറിലെ തെയ്യങ്ങളുമായി സാമ്യമുണ്ട്.



# തൃശ്ശൂർ പൂരം

കേരളത്തിന് അകത്തും പുറത്തും ഏറ്റവും  കൂടുതൽ ശ്രദ്ധ ആകർഷിച്ച ആഘോഷങ്ങളിൽ ഒന്നാണ് തൃശ്ശൂർ പൂരം.കൊച്ചി രാജാവായിരുന്ന ശക്തൻ തമ്പുരാൻ തുടക്കം കുറിച്ച തൃശ്ശൂർ പൂരത്തിന് ഏകദേശം 200 വർഷം പഴക്കമുണ്ട്. പൂരം കാണാനായി വിദേശികളടക്കം ഒത്തിരി ആളുകൾ തൃശ്ശൂരിൽ എത്താറുണ്ട്. മേടമാസത്തിലെ പൂരം നക്ഷത്രത്തിൽ ആണ് പൂരം ആഘോഷിക്കുന്നത്.



പാറമേക്കാവ്ക്ഷേത്രം, തിരുവമ്പാടി, ചെമ്പൂക്കാവ്, കണിമംഗലം,പനമുക്ക്, ശ്രീ ധർമ്മ ശാസ്താവ്,  കാരമുക്ക് ഭഗവതി, വടക്കും നാഥൻ, മഠത്തിൽ വരവ്, ഇലഞ്ഞിത്തറമേളം, പൂരപുറപ്പാട്, തെക്കോട്ടിറക്കം, കുടമാറ്റം,  പാണ്ടിമേളം, ആനകളെ അണിനിരത്തിക്കൊണ്ടുള്ള തിരുവമ്പാടി   പാറമേക്കാവ്

ക്ഷേത്രങ്ങളുടെ മേള,വാദ്യ ആഘോഷങ്ങളും ആനപ്പുറത്തെ കുടമാറ്റം, പുലരുന്നതിന് മുമ്പുള്ള വെടിക്കെട്ട് എന്നിവ പ്രധാന ആഘോഷങ്ങളാണ്.തൃശ്ശൂർ പൂരം, അൻപതിലേറെ വർഷങ്ങളായി തൃശ്ശൂർ കോർപ്പറേഷൻ എക്സിബിഷനായി നടത്തുന്നുണ്ട്.

# ചിലങ്ക

നീളൻ വരാന്തകളുള്ള
വീടായിരുന്നു അവൾക്കിഷ്ടം
നിറയെ ജനലകളുള്ള
പാദസരമിട്ട കുട്ടിയെപ്പോലെ
തുള്ളിക്കളിക്കുന്ന വെയിൽ
വീട്ടകങ്ങളിൽ നിറയുമെന്ന്
അവൾ കിനാവ് കണ്ടു.
പക്ഷേ,

വെയിലിനു കടന്നുവരാൻ
ജനൽ തുറക്കേണ്ടതില്ലെന്ന്,
ഇരുട്ടാണെന്ന്
എപ്പോഴും ഓർമിക്കപ്പെട്ടു
പാദസരമിട്ട പെൺകുട്ടി
ചിലങ്കകൾ അഴിച്ചുവെച്ചു.

രജനി.കെ.കെ
മലയാളം അധ്യാപിക

# ക്വിസ്

**1. ആധുനിക അശോകൻ എന്ന് അറിയപ്പെടുന്നത് ആര്?**

**ഉ.മാർത്താണ്ഡവർമ്മ**

**2. മലയാളത്തിലെ ആദ്യത്തെ നോവൽ?**

**ഉ.കുന്ദലത**

**3. സ്വദേശാഭിമാനി പത്രത്തിന്റെ സ്ഥാപകൻ ആര്?**

**ഉ. വൈക്കം മുഹമ്മദ് ബഷീർ**

**4.ഏറ്റവും പഴക്കമുള്ള നാണയം ഏത്?**

**ഉ. രാശി**

**5.ഇന്ത്യയിലെ ആദ്യത്തെ റോബോട്ട്?**

**ഉ.പ്രോഗ്രാൻ -150**

**6. ശാന്തിയുടെ മകൻ എന്ന് അറിയപ്പെടുന്നതാര്?**

**ഉ.ലാൽ ബഹദൂർ ശാസ്ത്രീ**

**7. ലോക ഹൃദയ ദിനം എന്ന്?**

**ഉ.സെപ്റ്റംബർ മാസത്തിലെ അവസാന ഞായറാഴ്ച**

**8. ദേവഭൂമി എന്നു വിശേഷിപ്പിക്കുന്ന ഇന്ത്യൻ സംസ്ഥാനം ഏത്?**

**ഉ.ഉത്തരാഖണ്ഡ്**

# വായനാക്കുറിപ്പ്

ഞാൻ വായിച്ച കളിയാട്ടക്കഥകൾ എന്ന പുസ്തകത്തിലെ ഒരു കഥയാണ് മാനം കാക്കാൻ മരണം വരിച്ച നീലി.ഈ കഥ എഴുതിയത് പയ്യന്നൂർ കുഞ്ഞിരാമൻ ആണ്."പിഴച്ച പെണ്ണിനുള്ള ശിക്ഷ മരണമാണ്.ഇവിടെ നീലിയുടെ കാര്യത്തിൽ തെളിവ് നൽകുന്നത് തമ്പുരാൻ തന്നെയാണ്.മറ്റു പെണ്ണുങ്ങൾക്ക് ഇതൊരു മാതൃകയാകണം....നീലിയെ കഴുത്തറുത്ത് കൊല്ലാൻ വിധിക്കുന്നു...." നീലി ബലിക്കല്ലിനടുത്തേക്കു നടന്നു........ചെയ്യാത്ത തെറ്റിന് മരണം വരിക്കേണ്ടി വന്ന വിധി കേട്ടിട്ടും ചാത്തനിൽ ചലനമുണ്ടായില്ല.അയാളുടെ ചൈതന്യം വറ്റിത്തീർന്നിരുന്നു.നീലിയുടെ കണ്ണുകൾ കത്തിജ്ജ്വലിച്ചു.അവളുടെ മുഖം രൗദ്രമായി ഇളയ തമ്പുരാനെ നോക്കി.പിന്നെ മേലേക്ക് നോക്കി പ്രാർത്ഥിച്ചു."കുലദൈവങ്ങളേ.......പിഴ ചെയ്യാത്തവളാണ് ഞാനെങ്കിൽ ഈ നാടും തമ്പുരാന്റെ വംശവും മുടിഞ്ഞു പോകട്ടെ......"ഉറച്ച കാൽവയ്പുകളോടെ നീലി ബലിക്കല്ലിനടുത്തേക്ക് നടന്നു.നീലി നീലിയെ നീലിയാർ ഭഗവതിയായി കെട്ടിയാടുന്നു.മാനം കാക്കാൻ മരണം വരിച്ചവളാണ് നീലി.അവളുടെ കരളുറപ്പും തന്റേടവും

കരളുറപ്പും അഭിമാനബോധവും എല്ലാവർക്കും മാതൃകയാണ്.ഈ കഥ എല്ലാവർക്കും ഇഷ്ടമാവും.

അപർണ കെ.എസ്
6 A

# നന്ദി

GHS KUZHUR

ജി.എച്ച്.എസ്

കുഴൂർ